പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4308

27/06/2013-ൽ
മറുപടിയ്ക്ക്

<u>സ്കോളർ സപ്പോർട്ട് പ്രോഗ്രാം</u>

**ചോദ്യം**

ശ്രീ.പാലോട് രവി :
ശ്രീ. കെ.മുരളീധരൻ :
ശ്രീ.പി.സി.വിഷ്ണുനാഥ്:
ശ്രീ.വി.ഡി.സതീശൻ :

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്കോളർ സപ്പോർട്ട് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ) | ആധുനിക വാണിജ്യ വ്യാവസായിക മേഖലയിൽ മെച്ചപ്പെട്ട തൊഴിലവസരങ്ങൾക്കുവേണ്ടി വിദ്യാസമ്പന്നരായ തലമുറയെ വാർത്തെടുക്കുന്നതിലേക്കായി ബിരുദതലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാസമ്പന്നരായവരെ ഉപയോഗിച്ച് കൊണ്ട് പഠന വിഷയങ്ങളിൽ സമയബന്ധിതമായുള്ള പ്രത്യേകതരം ക്ലാസ്സുകൾ, ചോദ്യപേപ്പറുകൾ, വ്യക്തിഗതപരിശീലനം എന്നിവ നൽകിക്കൊണ്ടുള്ള വിശേഷാലുള്ള അധ്യാപനമാണ് ഈ പദ്ധതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | ഏതെല്ലാം വിദ്യാർത്ഥികളെയാണ് ഈ പ്രോഗാമിന്റെ കീഴിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | യോഗ്യതാ പരീക്ഷയിൽ ഓരോ സെമസ്റ്ററിനും 60% മാർക്കിന് താഴെ വാങ്ങിയ വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയിൽ പ്രവേശിക്കാം. |
| (സി) | വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായവും ബോധന സാമഗ്രികളുമാണ് ഈ പ്രോഗ്രാമനുസരിച്ച് നൽകുന്നത് ; | (സി) | ബിരുദതലത്തിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാസമ്പന്നരായവരെ ഉപയോഗിച്ചുകൊണ്ട് പഠനവിഷയങ്ങളിൽ സമയബന്ധിതമായുള്ള പ്രത്യേകതരം ക്ലാസ്സുകൾ, ചോദ്യപേപ്പറുകൾ, വ്യക്തിഗത പരിശീലനം എന്നിവ നൽകിക്കൊണ്ടുള്ള വിശേഷാലുള്ള അധ്യാപനമാണ് ഈ പ്രോഗ്രാമിന്റെ ഭാഗമായി വിഭാവനം ചെയ്യുന്നത്. |
| (ഡി) | ഏത് അദ്ധ്യയന വർഷം മുതലാണ് ഈ പ്രോഗ്രാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ? | (ഡി) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 41 സർക്കാർ കോളേജുകളിൽ 2012-13 സാമ്പത്തിക വർഷം മുതൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ